LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ധനസഹായം

334 (2163) ശ്രീ. കെ. സുരേഷ് കറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചിട്ടുള്ളത് ; ബസ്സ് വാങ്ങുന്നതിനായി ഇതിൽനിന്നും എത്ര തുക ഉപയോഗിച്ചു ; എത്ര ബസ്സുകൾ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽനിന്നും എത്ര രൂപ വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ചു നൽകിയ തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക (കോടിയിൽ)

വർഷം	വായ്പ	പദ്ധതി വിഹിതം	ഗ്രാന്റ്/സബ്സിഡി
2011-12	140	42	32
2012-13	175	57.07	28 (ഡീസൽ സബ്സിഡി)
2013-14	425	59	...
2014-15	266.41	65.42	...
2015-16 (നാളിതുവരെ)	134.40	19.55	...
ആകെ	1140.81	243.04	60

2011-12 സാമ്പത്തിക വർഷം ലഭ്യമായ വായ്പത്തുക പൂർണ്ണമായും പ്രവർത്തനമൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

2012-13 സാമ്പത്തിക വർഷം ലഭ്യമായ വായ്പത്തുകയിൽ 50 കോടി രൂപ Special Package നടപ്പിലാക്കുന്നതിനായും ശേഷിക്കുന്ന 125 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

2013-14 സാമ്പത്തിക വർഷത്തെ വായ്പത്തുക പൂർണ്ണമായും പ്രവർത്തന മൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തെ വായ്പത്തുകയിൽ 39.56 കോടി രൂപ ബസ് ഷാസികൾ വാങ്ങുന്നതിനും 76.85 കോടി രൂപ ബോഡീബിൽഡിംഗ് സാമഗ്രികൾ വാങ്ങുന്നതിനും ശേഷിക്കുന്ന തുകയായ 150 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷംവരെ ബസ്സുകൾ വാങ്ങുന്നതിനായി 123.30 കോടി രൂപ പദ്ധതി വിഹിത ഇനത്തിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ബസ്സുകൾ വാങ്ങുന്നതിനായി 162.86 കോടി രൂപ വിനിയോഗിച്ചു. ഈ തുക ഉപയോഗിച്ച് 933 ബസ്സുകൾ നിരത്തിൽ ഇറക്കിയിട്ടുണ്ട്. 2015-16 -ൽ അനുവദിച്ച 19.55 കോടി രൂപ വിനിയോഗിച്ച് ബസ്സുകൾ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം

335 (2164) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) M/s Varma&Varma എന്ന സ്ഥാപനത്തെകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഒരു സമഗ്രപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഒരു പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി കോർപ്പറേഷൻ വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ട് പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly